## കേരള സർക്കാർ

### സംഗ്രഹം

റവന്യൂ വകുപ്പ് - ജീവനക്കാര്യം - ലാന്റ് റവന്യു - ഡെപ്യൂട്ടി തഹസീൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലുള്ള ജീവനക്കാരുടെ പ്രൊബേഷൻ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

============== = = = = = = = == = == = = = = = = = = = = = = = = ===

### റവന്യൂ(സി) വകുപ്പ്

സ. ഉ. (സാധാ) നം. 5744/2011/ആർ.ഡി. തിരുവനന്തപുരം, തീയതി 03/12/2011.

=========== = = = = = = = = = = = = = = = = = = = = = === ==========

പരാമർശം:- 1. സ.ഉ. (പി) നമ്പർ 852/80 തീയതി 16/06/1980.

2. ലാന്റ് റവന്യൂ കമ്മീഷണറുടെ 02/12/2011 ലെ എൽ.ആർ.ഇ5-53738/11 നം. കത്ത്.
3. ബഹു: ഹൈക്കോടതിയുടെ 26/03/2009 ലെ 19076/08 റിട്ട് ഹർജിയിന്മേലുള്ള വിധിന്യായം.
4. ബഹു: ഹൈക്കോടതിയുടെ 21/03/1991 ലെ W.A No.789/88-ൽ മേലുള്ള വിധിന്യായം.
5. ബഹു: ഹൈക്കോടതിയുടെ 06/04/1995 ലെ റിട്ട് അപ്പീൽ 162/91-ൽ മേലുള്ള വിധിന്യായം.
6. ലാന്റ് റവന്യൂ കമ്മീഷണറുടെ 28/11/2011 ലെ എൽ.ആർ.ഇ5-22950/2011 നം. നടപടിക്രമം.
7. ലാന്റ് റവന്യൂ കമ്മീഷണറുടെ 01/12/2011 ലെ എൽ.ആർ.റ്റി1-2001/11 നം. നടപടിക്രമം.

### ഉത്തരവ്

മേൽ പരാമർശം (6)-ാമതായി വായിച്ച നടപടിക്രമം പ്രകാരം ഡെപ്യൂട്ടി തഹസീൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലെ 01/01/1998 മുതൽ 31/12/2008 വരെയുള്ള നിയമനങ്ങൾ റഗുലറൈസ് ചെയ്ത് നലകിയിട്ടുള്ളതായും ടി തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പരാമർശം (7)-ാമതായി വായിച്ച നടപടിക്രമം പ്രകാരം പ്രസിദ്ധികരിച്ചിട്ടുള്ളതായും ടി ലിസ്റ്റിൽ ഉൾപ്പെട്ടതും എന്നാൽ മേൽപരാമർശം (1)-ാമതായി വായിച്ച സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള കാലയളവിനുള്ളിൽ പ്രൊബേഷന് ആവശ്യമായ യോഗ്യതകൾ നേടിയിട്ടില്ലാത്തതുമായ ജീവനക്കാരുടെ പ്രൊബേഷൻകാലം ഒരു വർഷം ദീർഘിപ്പിച്ചുകൊണ്ട് ലാന്റ് റവന്യൂ കമ്മീഷണർ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട് എന്നും, എന്നാൽ ദീർഘിപ്പിക്കപ്പെട്ട കാലയളവിലും ടി യോഗ്യതകൾ നേടിയിട്ടില്ലാത്ത ജീവനക്കാർക്ക് പ്രൊബേഷൻ കാലം ദീർഘിപ്പിച്ചു നൽകികൊണ്ട് ഉത്തരവാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അർഹരായ ജീവനക്കാരുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രൊഫോർമ റിപ്പോർട്ട് സഹിതം മേൽപരാമർശം

2-ാമതായി വായിച്ച കത്ത് പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ ശുപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽപരാമർശം 1-ാമതായി വായിച്ച സ്പെഷ്യൽ റൂൾ പ്രകാരം ഡെപ്യൂട്ടി തഹസീൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലെ പ്രൊബേഷൻ കാലം തുടർച്ചയായ മൂന്ന് വർഷകാലയളവിൽ രണ്ടു വർഷം സേവനമാണ്. ടി കാലയളവിലോ, ദീർഘിപ്പിക്കപ്പെട്ട പ്രൊബേഷൻ കാലയളവിലോ ടെസ്റ്റ് യോഗ്യതകൾ നേടിയിട്ടില്ലാത്ത ജീവനക്കാർക്ക് അവർ ടെസ്റ്റ് യോഗ്യതകൾ നേടുന്ന തീയതിയുടെ തൊട്ടടുത്ത തീയതി മുതലും അല്ലെങ്കിൽ അമ്പതു വയസ്സു പൂർത്തിയാകുന്ന ജീവനക്കാർക്ക് ജനറൽ റൂൾസിലെ ചട്ടം 13 (എ) യുടെ ആനുകൂല്യം അനുവദിച്ചു കൊണ്ട് ആയത് പൂർത്തിയാകുന്നതിന്റെ തൊട്ടടുത്ത ദിവസം മുതൽ ടെസ്റ്റ് യോഗ്യതയിൽ ഇളവ് അനുവദിച്ചു കൊണ്ട് അമ്പത് വയസ്സ് പൂർത്തിയായ തീയതിയുടെ തൊട്ടടുത്ത തീയതിയിലും പ്രൊബേഷൻ പൂർത്തിയാക്കത്തക്കവിധം ജനറൽ റൂൾസിലെ ചട്ടം 21 പ്രകാരം പ്രൊബേഷൻ ദീർഘിപ്പിച്ചു നൽകാവുന്നതാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ കെ.എസ്.ആന്റ്.എസ്.എസ്. ചട്ടം 21 പ്രകാരം ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ജീവനക്കാർ ടെസ്റ്റ് യോഗ്യത നേടിയ തീയതി അല്ലെങ്കിൽ 50 വയസ്സ് പൂർത്തിയാക്കിയ തീയതി ഏതാണോ ആദ്യം വരുന്നത് ടി തീയതി മുതൽ പ്രൊബേഷൻ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കുവാൻ സാധിക്കത്തക്കവിധം ടി ജീവനക്കാരുടെ പ്രൊബേഷൻ കാലം അനുബന്ധപ്പട്ടികയുടെ 15-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തീയതി വരെ കെ.എസ്.ആന്റ്.എസ്.എസ്.ആർ. ഭാഗം (II) ലെ ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

അനുബന്ധത്തിലെ സർവ്വീസ് വിവരങ്ങളുടെ കൃത്യത വകുപ്പു മേധാവി ഉറപ്പാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. ദീപാദേവി,**
ജോയിന്റ് സെക്രട്ടറി

1. കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം.
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

*ഉത്തരവിൻ പ്രകാരം,*

*സെക്ഷൻ ഓഫീസർ*